**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3210** **04-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം സി.എച്ച്.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം സി.എച്ച്.സി.യുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സി.എച്ച്.സി.യുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം കാലപ്പഴക്കമുള്ളതാണ്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.619/2020/H&FWD തീയതി 20.03.2020- പ്രകാരം ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, ഇവിടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സി.എച്ച്.സി. ക്ക് നിലവിലുള്ള ഭൂമിയുടെ അളവെത്രയാണെന്നും , നിലവിൽ ഇവിടെ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും, പ്രസ്തുത കെട്ടിടങ്ങൾ എപ്പോൾ നിർമ്മിച്ചതാണെന്നും വിശദമാക്കുമോ; | (ബി) | മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രം 1.5 ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മെയിൻ ബിൽഡിംഗ്, ഒ.പി. ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയാണ് നിലവിലുള്ള കെട്ടിടങ്ങൾ. മെയിൻ ബിൽഡിംഗ് പഴയ കെട്ടിടമാണ്. ഒ.പി ബ്ലോക്ക് 2006-ൽ നിലവിൽ വന്നതുമാണ്. |
| (സി) | പ്രസ്തുത സി.എച്ച്.സി.യിലെ കെട്ടിടത്തിന്റെ പല ഭാഗങ്ങളും അടർന്ന് വീണതായും കെട്ടിടം കാലപ്പഴക്കം കാരണം ദ്രവിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം കാലപ്പഴക്കമുള്ളതാണ്. സർക്കാർ ഉത്തരവ് (ആർ.റ്റി) നം.619/2020/H&FWD തീയതി 20.03.2020- പ്രകാരം ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, ഇവിടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സി.എച്ച്.സി.ക്ക് ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് കൊണ്ടാണ് സർക്കാർ നടപടി സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ; പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ച് വരുന്നുണ്ട്. സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം റവന്യൂ ബ്ലോക്കിൽ നിന്നും മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിനെ സർക്കാർ ഉത്തരവ് (ആർ.റ്റി) |

| | | | |
|---|---|---|---|
| | | | നം.619/2020/H&FWD തീയതി 20.03.2020-പ്രകാരം ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിലേക്ക് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മേൽ ഉത്തരവ് പ്രകാരം 37.5 ലക്ഷം രൂപ ആരോഗ്യ കേരളം വഴി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | നിലവിൽ ഈ സി.എച്ച്.സി.യിൽ ഏതൊക്കെ തസ്തികകളാണ് ഉള്ളതെന്നും ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ; | (ഇ) | മഞ്ചേശ്വരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. തസ്തിക നിലവിലുള്ള തസ്തികകളുടെ എണ്ണം റിമാർക്ക്സ് 1 അസി.സർജൻ 4 1- വർക്കിംഗ് അറേഞ്ച്മെന്റ് ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, 1- ശൂന്യവേതനാവധി 2 ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി 1 ജോലി ക്രമീകരണ വ്യവസ്ഥയിൽ ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് ജോലി ചെയ്തു വരുന്നു. 3 ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് 1 ജോലി ക്രമീകരണ വ്യവസ്ഥയിൽ ജനറൽ ആശുപത്രി കാസർഗോഡ് 4 അസി. ഡെന്റൽ സർജൻ 1 5 സ്റ്റാഫ് നഴ്സ് 2 6 ഫാർമസിസ്റ്റ് 1 7 ലാബ് ടെക്നീഷ്യൻ 1 8 നഴ്സിംഗ് അസിസ്റ്റന്റ് 3 9 ആശുപത്രി അറ്റൻഡന്റ് 3 10 ക്ലാർക്ക് 1 11 ഓഫീസ് അറ്റൻഡന്റ് 1 12 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 5 13 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 4 ആകെ 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ 1 (ഒരു) ഒഴിവ് ഉണ്ട്. NHM വഴി ഒരു ഫാർമസിസ്റ്റ്, 1- ഫിസിയോതെറാപ്പിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് വഴി-1 സ്റ്റാഫ് നഴ്സ്, അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറും ജോലി ചെയ്തു വരുന്നു. |
| (എഫ്) | നിലവിൽ പ്രസ്തുത സി.എച്ച്.സി.യുടെ പ്രവർത്തന സമയം ഏതാണെന്നു വ്യക്തമാക്കുമോ;പ്രവർത്തന സമയത്തിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഇവിടെനിന്നും ലഭ്യമാക്കുന്നത് ; ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാക്കുന്ന സമയം വ്യക്തമാക്കുമോ? | (എഫ്) | നിലവിൽ ആശുപത്രി പ്രവർത്തന സമയം രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയാണ്. ഒ.പി, ഫാർമസി, ലാബ്, കോവിഡ് ടെസ്റ്റ്, കോവിഡ് വാക്സിനേഷൻ, ഡെന്റൽ ഒ.പി, ഫിസിയോതെറാപ്പി, പ്രൈമറി ആന്റ് സെക്കന്ററി പാലിയേറ്റീവ് കെയർ, ഇമ്മ്യൂണൈസേഷൻ മുതലായ സേവനങ്ങൾ നൽകി വരുന്നു. നിലവിലുള്ള നാല് അസിസ്റ്റന്റ് സർജന്മാരിൽ ഒരു ഡോക്ടർ ജില്ലാ ആശുപത്രി കാഞ്ഞങ്ങാടും, ഒരാൾ ശൂന്യവേതനാവധിയിലുമാണ്. ആയതിനാലാണ് സായാഹ്ന ഒ.പി പ്രവർത്തിക്കാത്തത്. ഡോക്ടർമാരുടെ സേവനം നിലവിൽ രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ